
**Volume 06**
**Issue 43**
20 March, 2016
**Nombukalam VII**
**Palm Sunday**
Gen 49:8-12,22-26
Zech 9:9-12
Rom 11:13-24
Mt 21:1-17




# സ്നേഹപ്രകടനത്തിന്റെ ഓർമ്മ പുതുക്കൽ



Rev Bro
Manu
Anathanam

ലോകചത്രിതത്തിലെ സമുന്നതവും അനുഗ്രഹസമ്പന്നവുമായ സംഭവങ്ങൾ അരങ്ങേറിയ മഹത്തായ വിശുദ്ധ വാരത്തിലേയ്ക്കു നാം പ്രവേശിച്ചിരിക്കുകയാണ്. എല്ലാവർക്കും ഓശാന തിരുന്നാളിന്റെ ഹൃദയം നിറഞ്ഞ ആശംസകൾ നേരുന്നു.

ഓശാന തിരുനാളിന്റെ ആരവങ്ങൾ മുഴങ്ങുന്ന ഈ ഞായറാഴ്ച മനസിലേയ്ക്കു കടന്നു വരുന്നത് കടം മേടിക്കുന്ന കർത്താവിനെയാണ്. അവൻ ഈ ഭൂമിയിൽ ജനിക്കുവാനായിട്ട് ഒരു അമ്മയെയും പിറന്നു വീഴുവാനായിട്ട് ഒരു കാലിത്തൊഴുത്തും കടം മേടിച്ചു. പിന്നിട് അവൻ പ്രസംഗിക്കുവാൻ പത്രോസിന്റെ വള്ളവും 5 അപ്പം 5000 പേർക്കും വർദ്ദിപ്പിക്കാൻ പിഞ്ചുബാലന്റെ കൈയിലെ 5 ബാർലിയപ്പവും 2 മീനും അവൻ കടം മേടിച്ചു. വീണ്ടും അവന് പെസഹാ ആഘോഷിക്കുവാൻ ആരുടെയോ മാളികയും അവസാനം അവന് അടക്കുവാൻ ആരുടെയോ പറമ്പിലെ കല്ലറയും അവൻ കടം മേടിച്ചു. പ്രിയമുള്ളവരെ ഇന്ന് ഓശാന ഞായറാഴ്ച നാം ആഘോഷിക്കുമ്പോൾ ജറുസലേമിലേയ്ക്കു ആഘോഷപൂർവ്വം പ്രവേശിക്കുവാനായിട്ട് ആരുടെയൊ കഴുതയെ കടം മേടിക്കുന്നു. മനുഷ്യന്റെ കൈയിൽ നിന്ന് കടം മേടിക്കുന്ന കർത്താവിനെയാണു ഓശാനയിൽ നാം കാണുന്നത്.

ഇന്ന് ലോകമെമ്പാടുമുളള ക്രൈസ്തവർ കുരുത്തോലയുമായി ഓശാനതിരുന്നാൾ ആഘോഷിക്കുമ്പോൾ നൂറ്റാണ്ടുകൾക്കപ്പുറം ജറുസലേം വീഥിയെ പുളകം കൊള്ളിച്ച ഒരു സ്നേഹപ്രകടനത്തിന്റെ ഓർമ്മകളണു നമ്മുടെ മനസിലേയ്ക്കു കടന്നു വരുന്നത്. എന്തുകൊണ്ട് കഴുതപുറത്തുവരുന്ന കർത്താവിനെ കണ്ട് ഇസ്രയേൽ ജനം “ഹോസാന കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹിതൻ” എന്നു വിളിച്ചു പറഞ്ഞത്. ഇസ്രയേൽ ജനതയുടെ ചരിത്രത്തിൽ ഈ പ്രാർത്ഥനയ്ക്കു വളരെയധികം അർത്ഥമുണ്ട്. കാരണം വർഷങ്ങൾക്കപ്പുറം ഇസ്രയേൽ ജനത അടിമത്ത്വത്തിൽ കഴിഞ്ഞ്കൂടാൻ വിധിക്കപ്പെട്ടവരായിരുന്നു. വേദനകളും നൊമ്പരങ്ങളുമൊക്കെ സഹിച്ച് ജീവിതം ഒരു

ജനതയുടെ പ്രാർത്ഥനയായിരുന്നു. "കർത്താവെ ഞങ്ങളെ രക്ഷിക്കണമെയെന്ന്" . അതുകൊണ്ട് യേശുവിനെ കണ്ടപ്പോൾ കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹീതൻ എന്ന് ഇസ്രയേൽ ജനത വിളിച്ചു പറഞ്ഞത്.

ഓശാന, കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹീതർ എന്നത് 2 പ്രാർത്ഥനകളണ്. ഓശാന എന്ന വാക്കിന്റെ അർത്ഥം "കർത്താവെ ഞങ്ങളെ രക്ഷിക്കണമെ" എന്നതാണ്. അത് കണ്ണുനീരിന്റെ പ്രാർത്ഥനയാണ്. നീണ്ട വർഷങ്ങൾ അടിമത്വത്തിൽ കഴിഞ്ഞിരുന്ന ജനം സ്വാതന്ത്യത്തിനുവേണ്ടി നിലവിളിച്ച് കണ്ണീരൊഴുക്കി പ്രാർത്ഥിക്കുന്നു. രണ്ടാമതായി അവർ പ്രാർത്ഥിക്കുന്നത് കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹീതനാണെന്നാണ്. ജീവിതത്തിൽ ചൊരിയാൻ പോകുന്ന അനുഗ്രഹത്തിന്റെ പ്രാർത്ഥനയാണ്. പെസഹായിക്കും ദുഃഖവെള്ളിക്കും ശേഷം ഉത്ഥാനത്തിലൂടെ ജനത്തിന്റെ പ്രാർത്ഥനകൾക്ക് ഉത്തരം നൽകി.

കടം മേടിച്ച കഴുതയുമായി വരുന്ന കർത്താവിനെ ഈ ഓശാന തിരുനാളിൽ ധ്യാന വിഷയമാക്കുമ്പോൾ നമ്മുടെ ചിന്തകളെ ജറുസലേമിലേയ്ക്കു നയിക്കാം. ജറുസലേം എന്നത് സമാധാനത്തിന്റെയും രക്ഷയുടെയും നഗരമാണ്. ഈശോയുടെ പീഡാസഹനമരണ ഉത്ഥാനത്തിന്റെയും സ്ഥലത്താണ് കഴുതപുറത്തു കയറി അവൻ വരുന്നത്. ഈശോ ഒത്തിരിയേറെ കുഞ്ഞുങ്ങൾക്കും വ്യക്തികൾക്കും രക്ഷയെ കൊടുക്കുന്ന ദിവസമാണ് ഇന്ന്. ഇവിടെ നാം ചെയ്യേണ്ടത് രക്ഷയെ കൊടുക്കുന്ന കർത്താവിനെ അവരുടെ ജീവിതത്തിലേയ്ക്ക് എത്തിയ്ക്കുവാനായിട്ട് നിന്റെ ജീവിതത്തെ കടം കൊടുക്കുന്നു എന്ന ദൗത്യമാണ് നമുക്കുള്ളത്.

കൽക്കട്ടയിലെ തെരുവുകളെ രക്ഷിക്കുവാനായി ഈശോയ്ക്ക് ആഗ്രഹമുണ്ടായി മദർതേരേസാ എന്ന പുണ്യവതിയുടെ ജീവിതം കടം കൊടുത്തുകൊണ്ട് ഈശോയ്ക്ക് അവരെ രക്ഷിക്കുവാനായി. വി. ഡാമിയനും കുഷ്ഠരോഗികൾക്കായി തന്റെ ജീവിതം കർത്താവിന് കടം കൊടുത്തു. കർത്താവിന്റെ കരുതലുള്ള സ്നേഹം അവർ അനുഭവിച്ചു. അവരുടെ ജീവിതത്തെ കർത്താവിന് കടം കൊടുത്ത് അനേകർക്ക് അവന്റെ സ്നേഹവും സംരക്ഷണവും നൽകാനുള്ള ദൗത്യമാണ് ഹോസാന നൽകുന്നത്.

കർത്താവിനെ വഹിക്കുന്ന കഴുതയ്ക്ക് ഒത്തിരിയേറെ പ്രത്യേകതകൾ ഉണ്ട്. നമ്മുക്കറിയാം കഴുത ഇസ്രയേലിൽ പാവപ്പെട്ടവന്റെ മൃഗമാണ്. കഴുത ഭാരം വഹിക്കുന്ന മൃഗമാണ്. അങ്ങനെ പാവപ്പെട്ടവന്റെ മൃഗമായി ഭാരം വഹിക്കുന്നമൃഗത്തെയാണു ജറുസലേമിലേയ്ക്ക് ആഘോഷമായി കൊണ്ടു വരുന്നത്. ആരെങ്കിലും നിങ്ങളോട് എന്തെങ്കിലും ചോദിച്ചാൽ കർത്താവിന് അവനെക്കൊണ്ട് ആവശ്യമുണ്ട് എന്നു പറയുക. സ്നേഹമുള്ളവരെ കർത്താവിന് കഴുതയെപോലും ആവശ്യമുണ്ട്. ജീവിതവഴിയിൽ ആര് കഴുത എന്നു ചിന്തിക്കുന്നവർക്കും മറ്റുള്ളവർ കഴുത എന്നു വിളിച്ചുക്കുറ്റപ്പെടുത്തുന്നവർക്കും ഓശാന ഞായർ നൽകുന്ന സുവിശേഷം കർത്താവിന് നിങ്ങളെക്കൊണ്ട് ആവശ്യമുണ്ട് എന്നതാണ്.

അടുതത് പ്രത്യേകത അത് ഗ്രാമത്തിലെ കഴുത എന്നതാണ്. ഗ്രാമമെന്നത് ന ിഷ്കളങ്കമായ സ്േ ന ഹത്തിന്റെയും ൈ ന ർമ്മല്യത്തിന്റെയും ഇടമാണ്. ഗ്രാമത്തിനടുത്ത സ്നേഹവും നിഷ്കളങ്കതയും നമ്മുടെ ജീവിതത്തിലും ഉണ്ടാകണം അടുതത്തായി അത് കെട്ടപ്പെട്ട കഴുതയായിരുന്നു. ജീവിതത്തിന്റെ കെട്ടുപൊട്ടിപൊയ ലോകത്തിലാണു നാം ജീവിക്കുന്നത്. ഓരോരുത്തർക്കും ഒരു നിയന്ത്രണവും ഇല്ലാത്ത ലോകത്ത് കർത്താവിന് ഉപയോഗമുള്ള വ്യക്തികളായി നാം മാറണമെങ്കിൽ നമ്മൾ പ്രാ ർത്ഥ ന യിൽ സ്നേ ഹത്തിൽ അൾത്താരയിൽ കെട്ടുറപ്പുള്ള വ്യക്തികളായിരിക്കണം. സ്നേഹത്തിൽ സഹോദരങ്ങളുമായി കെട്ടുറപ്പുള്ള വ്യക്തികളായിരിക്കണം. വീണ്ടും പ റയുന്നു. അത് കുട്ടിയുള്ള കഴുതയായിരിക്കണമെന്ന്. അവിടെ ബന്ധങ്ങളെയാണു സൂചിപ്പിക്കുന്നത്. ബന്ധങ്ങളുടെ ലോകത്ത് ജീവിക്കുന്നവർക്കു മാത്രമേ പങ്കുവയ്ക്കുന്ന ക്രിസ്തുവിന്റെ സ്നേഹം അനുഭവിക്കുവാൻ സാധിക്കൂ.

സ്വീകരിച്ചത് തങ്ങളുടെ വസ്ത്രം വിരിച്ചിട്ടുകൊണ്ടാണ്. വസ്ത്രം എന്നത് വ്യക്തിത്വത്തിന്റെ പ്രതീകമാണ്. കഴുതപുറത്ത് കയറി വന്ന കർത്താവിെ ന സ്വീകരിക്കുവാൻ ജ ന ക്കൂട്ടം ചെയ്തത് വഴിയിൽ തങ്ങളുടെ വസ്ത്രങ്ങൾ വിരിക്കുകയും മരചില്ലകൾ വെട്ടിയിടുകയും ചെയ്തു. വസ്ത്രങ്ങളും മരചില്ലകളും നാം ആദ്യമായി കണ്ടു മുട്ടുക ഉല്പത്തി പുസ്തകത്തിലാണ്. ആദ്യ പാപം ചെയ്ത ആദി മാതാപിതാക്കൾ അവർ നഗ്നരാണെന്നു തോന്നി അത്തിമരത്തിന്റെ ഇലകൾ കൊണ്ട് വസ്ത്രങ്ങളുണ്ടാക്കി വൃ ക്ഷ ങ്ങളുടെ ചില്ലകളുടെ മറവിൽ ഒളിച്ചു. ഓശാ ന ഞായറാഴ്ചയായ ഇന്ന് വസ്ത്രങ്ങളും വൃ ക്ഷ ചില്ലകളും വഴിയിൽ വിരിക്കുമ്പോൾ അവർ അവരുടെ പാപത്തിന്റെ യാഥാർ ത്ഥ്യങ്ങളെയാണു കർത്താവിന്റെ മുൻപിൽ വിവരിക്കുക. ഈ ഓശാ ന ന മ്മുടെ പാപത്തിന്റെ യാഥാർ ത്ഥ്യങ്ങളാണ്. ക്രിസ്തു കടന്നുവരുമ്പോൾ അത് മാറട്ടേയെന്ന് പ്രാർത്ഥിക്കാം.

ഇന്ന് ഓശാ ന തിരുന്നാളിൽ ന മ്മുടെ ജീവിതങ്ങളെ കർത്താവി ന് കടം കൊടുക്കാം. അതുവഴി അനേകർ അവന്റെ സ്നേഹവും സമാധാനവും അനുഭവിക്കട്ടെ. നമ്മുടെ ജീവിതങ്ങളെ കർത്താവിനെകൊണ്ട് ആവശ്യമുണ്ട് എന്ന തിരിച്ചറിവിലേയ്ക്കു നമുക്കു കടന്നു വരാം. വിലയില്ലാത്ത കഴുത വിലയുള്ളവനായി തീർന്നത് കർത്താവ് മുകളിൽ കയറിയിരുന്നതുകൊണ്ടാണ്. കർത്താവിെ ന ഹൃദയത്തിൽ വഹിക്കുന്നവരായി മാറാം. ദൈവസന്നിധിയിൽ വിലയുള്ള ജീവിതങ്ങളായി ഓശാന തിരു ന ാളിൽ മാറട്ടെയെന്ന് ദൈവത്തോടു പ്രാർ ത്ഥ ിക്കാം ദൈവം എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

# സ്നേഹപ്രകടനത്തിന്റെ ഓർമ്മ പുതുക്കൽ

ലോകചരിത്രത്തിലെ സമുന്നതവും അനുഗ്രഹസമ്പന്നവുമായ സംഭവങ്ങൾ അരങ്ങേറിയ മഹത്തായ വിശുദ്ധ വാരത്തിലേയ്ക്കു നാം പ്രവേശിച്ചിരിക്കുകയാണ്. എല്ലാവർക്കും ഓശാന തിരുന്നാളിന്റെ ഹൃദയം നിറഞ്ഞ ആശംസകൾ നേരുന്നു.

ഇന്ന് നമ്മുടെയൊക്കെ നാട്ടിൻപുറങ്ങളിൽ പതിവായി കാണുന്ന ഒരു കാഴ്ചയാണു പാതയോരത്തെ വിഭിന്നങ്ങളായ ശക്തി പ്രകടനങ്ങൾ. രാഷ്ട്രീയ നേതാക്കന്മാരും സാംസ്കാരിക നായകൻമാരുമൊക്കെ അവരുടെ സംഘ ബലത്തിന്റെ ശക്തി പ്രകടിപ്പിക്കുന്നത് കാസർഗോഡു മുതൽ തിരുവനന്തപുരം വരെയുള്ള യാത്രയിലാണ്. അപരന്റെ വഴി മുടക്കിയും ജനജീവിതത്തെ ദുരിതത്തിലാക്കിയും നടത്തുന്ന ഈ യാത്ര ഇന്നും ഒരു തുടർക്കഥപോലെ നമ്മുടെ നാട്ടിൽ നടക്കുന്നു. ശക്തികൊണ്ടും സംഘബലം കൊണ്ടും ജനമനസുകളെ കീഴടക്കാൻ ഇവർ ശ്രമിക്കുന്നു. എന്നാൽ നൂറ്റാണ്ടുകൾക്കപ്പുറം നടന്ന സ്നേഹപ്രകടനത്തിന്റെ ഓർമ്മകളാണു ഈ ഞായറാഴ്ച ക്രൈസ്തവരായ നമ്മുടെ മനസിൽ നിറഞ്ഞു നിൽക്കുന്നത്.

പ്രിയമുള്ളവരെ ലോകമെമ്പാടുമുള്ള ക്രൈസ്തവർ ഇന്ന് കുരുത്തോലയുമായി ഓശാന തിരുന്നാൾ ആചരിക്കുകയാണ്. നൂറ്റാണ്ടുകൾക്കപ്പുറം ഒരു കഴുതപ്പുറത്ത് ആരവങ്ങൾക്കിടയിലൂടെ ഈശോ കടന്നുവരുമ്പോൾ ഇവിടെ സംഘബലമോ സ്വാർത്ഥതയോ ശക്തിപ്രകടനങ്ങളോ ഒന്നുമില്ല. സ്നേഹം കൊണ്ടു ലോകം കീഴടക്കാൻ വന്ന ക്രിസ്തുവിന്റെ ഓർമ്മയാണു ഓശാനതിരുന്നാൾ. പുതിയൊരു സ്നേഹവിപ്ലവത്തിന്റെ അനുഭവമാണു ഈ ദിവസം നമുക്കു നൽകുന്നത്. മഹാൻമാരായ ചക്രവർത്തികളെപോലെ ഈശോ രാജ്യം സ്ഥാപിക്കുമ്പോൾ അതിന്റെ ഇടതും വലതുമിരിക്കാൻ അവസരം നോക്കിയിരിക്കുന്നവർക്കു കഴുതകുട്ടിയുടെ പുറത്തു കയറി വരുന്ന വിനയാന്വിതനായ ഈ രാജാവ് സ്നേഹത്തിന്റെ വിപ്ലവത്തിന് വഴിയൊരുക്കി. ഒരു ജനതയുടെ കാഴ്ചപാടുകളെ മാറ്റി മറിച്ച ദിവസമാണു ഓശാന.

ഓശാന തിരുനാൾ ഒരുക്കത്തിന്റെ ദിവസമായിട്ടാണു യഹൂദ ജനത മനസിലാക്കിയിരുന്നത്. പെസഹാതിരുന്നാളിന് കൊലചെയ്യപ്പെടേണ്ട കുഞ്ഞാടിനെ യഹൂദ ഭവനങ്ങളിൽ തിരഞ്ഞെടുക്കുന്നത് പെസഹായിക്കു 4 ദിവസം മുൻപാണെന്ന് യഹൂദ നിയമം അനുശാസിക്കുന്നു. പുതിയ പെസഹായിക്കുഞ്ഞാടായി യേശു തന്നെ തന്നെ തിരഞ്ഞെടുത്തതിന്റെ ഓർമ്മയാണു ഓശാനതിരുനാൾ.

ഒരു കഴുതകുട്ടിയുടെ മുകളിലിരുന്നുകൊണ്ടുള്ള ഈശോയുടെ പട്ടണപ്രവേശനം എളിമയുടെയും സമാധാനത്തിന്റെയും സദ്വാർത്ത അറിയിക്കലായിരുന്നു. അതുകൊണ്ടാണു വഴിക്കിരുവശവും ജനങ്ങൾ അണിനിരന്നത്. ഈശോ കഴുതയുടെ പുറത്ത് കയറി ഇരുന്നതുകൊണ്ടാണു കഴുത വിലയുള്ളവനായി മാറിയത്. ഈശോയുടെ കൂടെനടക്കുന്ന ജീവിതങ്ങൾ വിലയുള്ളതായി തീരും. ദൈവസന്നിധിയിൽ വിശുദ്ധരുമാകും. പ്രിയമുള്ളവരെ

മറ്റുള്ളവർക്കുവേണ്ടി നടത്തപെടുന്ന യാത്രകൾ മാത്രമെ ചരിത്രം ഓർത്തിരിക്കുകയുള്ളു. ഭാരത ജനതയുടെ വിമോചനത്തിനുവേണ്ടി ജീവത്യാഗം ചെയ്ത മഹാത്മഗാന്ധി എന്ന മനുഷ്യ സ്നേഹിയുടെ ദണ്ഡിയാത്ര ഭാരത ജനത ഇന്നും അനുസ്മരിക്കും. കാരണം അത് ഒരു ജനതയുടെ സ്വപ്നങ്ങൾ സഫലമാക്കാനുള്ള യാത്രയായിരുന്നു. കൽകട്ടയിലെ തെരുവീഥികളിലൂടെ മദർതെരേസാ നടക്കുമ്പോൾ അവശരും ആലംബഹീനരും ഓടികൂടും. വി. ഡാമിയൻ മൊളൊക്കൊ ദ്വീപിലൂടെ നടക്കുമ്പോൾ കു,ഷ്ഠരോഗികൾ ഓടിയെത്തും. ഇവരുടെയെല്ലാം ജീവിതത്തിൽ നിന്ന് പ്രവഹിക്കുന്നത് അസ്തമിക്കാത്ത സ്നേഹ ഭാവങ്ങളാണ്. ഈശോ ജറുസലേം വീഥിയിലൂടെ കഴുതപുറത്തു സഞ്ചരിക്കുമ്പോൾ മതിലു കളും വേലികളും തകർത്തൊഴുകിയെത്തുന്ന ദൈവത്തിന്റെ കരങ്ങളിലിരിക്കുന്ന ഈ കുരുത്തോലകൾ ദൈവത്തിന്റെ സമ്പന്നത മുഴുവൻ കത്തിജ്വലിച്ച് നിൽക്കുകയാണു.

സഹനത്തെയും മരണത്തെയും ആശ്ലേഷിക്കാനായി ജറുസലേമിലേയ്ക്കു രാജീകമായി പുറപ്പെടുന്ന ഈശോ ലോകത്തിന് നൽകുന്നത് വ്യത്യസ്ഥമായ ഒരു ജീവിത സാക്ഷ്യമാണ്. വെറും വിപ്ലവ പ്രഖ്യാപനങ്ങളൊ മതയാത്രകളൊ അല്ല ക്രിസ്തുവിന്റെ ശൈലി. മറിച്ച് ജീവൻ ഹോമിച്ചും ജീവിച്ചത്തിന്റെയും പ്രസംഗിച്ചതിനെയും സാക്ഷ്യപെടുത്തുന്നതാണ്. ഇന്ന് കത്തോലിക്കാ സഭ സഹനത്തിന്റെ തീച്ചൂളയിലൂടെയാണു കടന്നു പോകുന്നത്. സഹനത്തെ സ്നേഹം കൊണ്ടു കീഴടക്കുക. അതാണു ഓശാന ഞായർ തരുന്ന സന്ദേശം. സ്വയം ബലിവസ്തുവാകാൻ ബലിപീഠം തേടി ജറുസലേം ദേവാലയം ലക്ഷ്യമാക്കി വരുന്ന ഈശോ ജീവിത സഹനത്തിനപ്പുറം ഒരു ജീവിതമാണെന്ന് പഠിപ്പിക്കുന്നു. ഉള്ളിൽ പിടയുന്ന വേദനയുമായി ജറുസലേം വീഥിയിലൂടെയുള്ള യാത്ര. സഹനത്തെ അതിജീവിച്ച് സ്നേഹം ലോകത്തിനു പകരാനുളള ആവേശമായിരുന്നു. വരും ദിവസങ്ങളിൽ സംഭവിക്കാൻ പോകുന്ന മുറിക്കപ്പെടലിന്റെ പെസഹായും നൊമ്പരങ്ങളുടെ ദുഃഖവെള്ളിയും ഹൃദയത്തിൽ സൂക്ഷിച്ച് തന്റെ പ്രിയപ്പെട്ട ജനത്തിന്റെ സ്നേഹവാത്സല്യങ്ങൾ ഏറ്റു വാങ്ങുന്ന ഈശോ നമ്മുടെ മുൻപിൽ വലിയ മാതൃകയായി നിൽകുന്നു.

ഈ ഓശാന തിരുനാളിൽ നമ്മുടെ ജീവിതയാത്രയെയും ധ്യാന വിഷയമാക്കേണ്ടിയിരിക്കുന്നു. നാളെയെക്കുറിച്ചുള്ള അമിതമായി ആകുലപെടുന്നവർക്കുള്ള ഉത്തരമാണു ഓശാന. കുടുംബജീവിതത്തിന്റെ നൊമ്പരങ്ങൾ ഏറ്റു വാങ്ങുന്നവർക്കുള്ള ഉത്തരമാണു ഓശാന.

പത്രോസ് ശ്ലീഹായുടെ 1-ാം ലേഖനം 4-ാം അദ്ധ്യായം 12 വചനം അഗ്നി പരീക്ഷകൾ ഉണ്ടാകുമ്പോൾ അപ്രത്യക്ഷമായതെന്തൊ സംഭവിച്ചതെന്നപോലെ പരിഭ്രമിക്കരുത്. ക്രിസ്തുവിന്റെ പീഡകളിൽ പങ്കുകാരാകുന്നതിൽ ആഹ്ലാദിക്കുവിൻ. അവന്റെ മഹത്വം വെളിപ്പെടുമ്പോൾ നിങ്ങൾ അത്യധികം ആഹ്ലാദിക്കും. ജീവിത സഹനങ്ങളിലൂടെ വെളിവെടുക്കുന്ന ദൈവസ്നേഹം ഹൃദയത്തിലേറ്റുവാങ്ങി പ്രതീക്ഷയോടെ മുന്നോട്ട് പോകുവാൻ ഈ ഓശാന തിരുനാൾ നമ്മെ ക്ഷണിക്കുന്നു.

ഇന്ന് നമ്മുടെയൊക്കെ കുടുംബത്തിലും സമൂഹത്തിലും ക്രിസ്തു സാക്ഷ്യം കുറഞ്ഞുവരികയാണ്. ക്രൈസ്തവരാണ് എന്നു പറയുകയും ക്രൈസ്തവ ജീവിതത്തിന്റെ

മൂല്യങ്ങൽ ബലികഴിക്കുകയും ചെയ്യുന്ന ജനക്കൂട്ടത്തിന്റെ ഓശാന വിളിക്ക് എന്ത് വിലകൽപിക്കുന്നവരായിരുന്നു എന്ന് ഈശോയ്ക്കറിയാമായിരുന്നു. ജറുസലേം പ്രവേശനസമയത്ത് ഓശാന ഓശാന എന്ന് ആർത്തു വിളിച്ച ജനം തന്നെ നാലു ദിവസം കഴിഞ്ഞ് അവനെ ക്രൂശിക്കുക എന്നു പറഞ്ഞ് ആക്രോശിക്കുമെന്ന് ഈശോയ്ക്ക് അറിയാമായിരുന്നു. മരചില്ലകൾ വീശി സ്വാഗതമേകുന്നവർ കൊടും യാതനയുടെ നേരത്ത് തലകുലുക്കി തന്നെ പരിഹസിക്കുമെന്നും ഈശോയ്ക്ക് അറിയാമായിരുന്നു. മനുഷ്യ പ്രശംസക്കപ്പുറം പിതാവിന്റെ ഹിതം നിറവേറ്റാനാണു അവിടുന്നു പഠിപ്പിക്കുന്നത്.

പ്രിയമുള്ളവരെ, ഓശാന വരാൻ പോകുന്ന വേദനകളുടെ ആരംഭമാണെന്ന് മനസിലാക്കി ധൈര്യത്തോടെ മുന്നോട്ടു പോയി. കാരണം കാൽവരിക്കപ്പുറത്ത് അവിടുന്നു കണ്ടത് ശൂന്യമായ ഒരു കല്ലറയായിരുന്നു. വാളെടുത്തു വെട്ടി അപരന്റെ ജീവൻ ബലിയർപ്പിക്കുന്ന വർഗ്ഗ സമരത്തിന്റെ തീക്ഷണതകൊണ്ട് ലോകത്ത് ഒരു വിപ്ലവവും വിജയിച്ചിട്ടില്ല, ഒരു സമാധാനവും കൈവന്നിട്ടില്ല. എന്നാൽ കുരിശിലേറ്റി സ്വന്തം ജീവൻ കൊടുത്തവന്റെ വിപ്ലവം ഇന്നും നമ്മുടെ മനസുകളിൽ മായാതെ നിൽക്കുന്നു. ഓശാന എന്ന സഹനം.